**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4369** **28-10-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളിലെ ഔദ്യോഗിക പരിപാടികളിൽ പാലിക്കേണ്ട പ്രോട്ടോക്കോൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | **Shri. V. N. Vasavan**<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | പാർലമെന്റ് അംഗങ്ങൾ, നിയമസഭാംഗങ്ങൾ, തദ്ദേശ സ്വയംഭരണ പ്രതിനിധികൾ, ബാങ്ക് ഭരണസമിതി പ്രതിനിധികൾ, ബാങ്ക് ജീവനക്കാർ തുടങ്ങിയവർ പങ്കെടുക്കുന്ന സഹകരണ ബാങ്കുകളുടെ ഔദ്യോഗിക പരിപാടികളിൽ പാലിക്കേണ്ട പ്രോട്ടോക്കോൾ സംബന്ധിച്ച് സർക്കാർ ഉത്തരവുകൾ/സർക്കുലറുകൾ നിലവിലുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | സഹകരണ ബാങ്കുകളുടെ ഔദ്യോഗിക പരിപാടികളിൽ പാലിക്കേണ്ട പ്രോട്ടോക്കോൾ സംബന്ധിച്ച് നിലവിൽ സർക്കാർ ഉത്തരവുകൾ/ സർക്കുലർ ഒന്നും തന്നെ നിലവിലില്ല. പ്രോട്ടോക്കോൾ സംബന്ധിച്ച് 11/06/2012 ലെ സ.ഉ.(കൈ) നം.141/2012/പൊഭവ ഉത്തരവിൽ, സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ സംഘടിപ്പിക്കുന്ന പരിപാടികളിലാണ് പ്രോട്ടോക്കോൾ കർശ നമായി നടപ്പിലാക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 1969 ലെ സഹകരണ നിയമം വകുപ്പ് 2 clause 2(f) പ്രകാരം സഹകരണ സംഘങ്ങൾ, പൊതുമേഖലാ സ്ഥാപനത്തിന്റെ പരിധിയിൽ വരാത്തതിനാൽ മേൽ ഉത്തരവ് നിലവിൽ സഹകരണ സ്ഥാപനങ്ങൾക്ക് ബാധകമല്ല. എന്നാൽ സർക്കാരിന് നിയന്ത്രണാധികാരവും പരിശോധന അധികാരവുമുള്ള സ്ഥാപന ങ്ങളായ സഹകരണ സ്ഥാപനങ്ങളെ കൂടി മേൽ ഉത്തരവിൽ ഉൾപ്പെടുത്തണമെന്ന നിയമസഭ സെക്രട്ടറിയുടെ 09/08/2018 ലെ 4683/ടേബിൾ -2/2017/നി.സെ. കത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം സർക്കാർ സജീവമായി പരിഗണിച്ചു വരികയുമാണ്. |
| (ബി) | പ്രസ്തുത പ്രോട്ടോക്കോൾ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലില്ലെങ്കിൽ ആയത് പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ; പ്രോട്ടോക്കോൾ പ്രാബല്യത്തിൽ കൊണ്ടുവരാത്തതിന് കാരണം വ്യക്തമാക്കുമോ? | (ബി) | സഹകരണ ബാങ്കുകളുടെ ഔദ്യോഗിക പരിപാടികളിൽ പാലിക്കേണ്ട പ്രോട്ടോ ക്കോൾ സംബന്ധിച്ച് നിലവിൽ സർക്കാർ ഉത്തരവുകൾ/ സർക്കുലർ ഒന്നും തന്നെ നിലവിലില്ല. പ്രോട്ടോക്കോൾ സംബന്ധിച്ച് 11/06/2012 ലെ സ.ഉ.(കൈ) നം.141/2012/പൊഭവ ഉത്തരവിൽ, സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ സംഘടിപ്പിക്കുന്ന പരിപാടികളിലാണ് പ്രോട്ടോക്കോൾ കർശ നമായി നടപ്പിലാക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 1969 ലെ സഹകരണ നിയമം വകുപ്പ് 2 |

| | | | |
|---|---|---|---|
| | | | clause 2(f) പ്രകാരം സഹകരണ സംഘങ്ങൾ, പൊതുമേഖലാ സ്ഥാപനത്തിന്റെ പരിധിയിൽ വരാത്തതിനാൽ മേൽ ഉത്തരവ് നിലവിൽ സഹകരണ സ്ഥാപനങ്ങൾക്ക് ബാധകമല്ല. എന്നാൽ സർക്കാരിന് നിയന്ത്രണാധികാരവും പരിശോധന അധികാരവുമുള്ള സ്ഥാപന ങ്ങളായ സഹകരണ സ്ഥാപനങ്ങളെ കൂടി മേൽ ഉത്തരവിൽ ഉൾപ്പെടുത്തണമെന്ന നിയമസഭ സെക്രട്ടറിയുടെ 09/08/2018 ലെ 4683/ടേബിൾ -2/2017/നി.സെ. കത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം സർക്കാർ സജീവമായി പരിഗണിച്ചു വരികയുമാണ്. |

സെക്ഷൻ ഓഫീസർ